# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**
**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 4836/25 തിയ്യതി : 11.09.2025

**ഹാജർ**

ടി. എസ്. ജോസ് - ചെയർപേഴ്സൺ
കെ.വിനുകൃഷ്ണൻ - മെമ്പർ
അഡ്വ. അസിയ.പി.കെ - മെമ്പർ

സത്യലക്ഷ്മി ഉണ്ണിക്കൃഷ്ണൻ
മന്നത്ത് ഹൗസ്, മന്നത്ത് ലെയിൻ പരാതിക്കാരൻ
എം.ജി. റോഡ്, തൃശ്ശൂർ.

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം. എതിർകക്ഷി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

**പരാതിയുടെ സംക്ഷിപ്ത രൂപം :**

കൺസ്യൂമർ നമ്പർ : **18608 - B**, സത്യലക്ഷ്മി ഉണ്ണിക്കൃഷ്ണന്റെ പേരിലുള്ള സോളാർ കണക്ഷനിൽ, അധികമായി ഉൽപ്പാദിപ്പിച്ച ഗ്രിഡിലേക്ക് നൽകുന്ന സോളാർ യൂണിറ്റിന് തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗവുമായി ഏർപ്പെട്ട കരാർ പ്രകാരമുള്ള തുക ഇതുവരെ ലഭിച്ചിട്ടില്ല. ആയത് ഉടൻ പലിശ സഹിതം നൽകുന്നതിനാണ് പരാതി.

**ഫോറത്തിന്റെ നടപടികൾ :**

10.07.2025 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. സെക്ഷൻ 2 അസിസ്റ്റന്റ് എഞ്ചിനീയർ, ബില്ലിങ്ങ് അസിസ്റ്റന്റ് എന്നിവരോട് വിഷയവുമായി ബന്ധപ്പെട്ട സത്യവാങ്മൂലം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു.

**വിഷയത്തിൽ ബില്ലിങ്ങ് സെക്ഷൻ സമർപ്പിച്ച സത്യവാങ്മൂലം.**

തൃശ്ശൂർ നഗരസഭ വൈദ്യുതി വിഭാഗത്തിലെ ബില്ലിംഗ് സെക്ഷനിലെ കംപ്യൂട്ടർ മാസ്റ്റർ പ്രകാരം 18608-ബി എന്ന സർവീസ് കണക്ഷനിൽ 31.01.2024 തീയതിയിലാണ് സോളാർ സ്ഥാപിച്ചിട്ടുള്ളത്. ടി തീയതി മുതൽ മാർച്ച് 2024 വരെയുള്ള കാലയളവിൽ ടി ഉപഭോക്താവ് 844 യൂണിറ്റ് നഗരസഭ വൈദ്യുതി വിഭാഗം ഗ്രിഡിലേയ്ക്ക് നൽകിയിട്ടുള്ളതാണ്. 03/07/2024 ലെ കെ.എസ്.ഇ.ആർ.സി. 5302/19 നംപർ ഉത്തരവ് പ്രകാരം മേൽ യൂണിറ്റിന് 3.15 രൂപ നിരക്കിൽ നഗരസഭ വൈദ്യുതി വിഭാഗത്തിന്റെ ഫെഡറൽ ബാങ്ക് അക്കൗണ്ടിൽ നിന്നും ടി ഉപഭോക്താവ് സമർപ്പിച്ച ബാങ്ക് അക്കൗണ്ടിലേയ്ക്ക് (Account No.855010100003690) 2659/-രൂപ 22.08.2024 തീയതിയിൽ ട്രാൻസ്ഫർ ചെയ്തിട്ടുള്ളതാണ്. തുക ട്രാൻസ്ഫർ ചെയ്തിട്ടുള്ളതിന്റെ സ്റ്റേറ്റ്മെന്റ് ഇതോടൊപ്പം ചേർക്കുന്നു. നിലവിൽ 2024-25 സാമ്പത്തിക വർഷത്തിലെ സോളാർ ബാങ്ക്ഡ് യൂണിറ്റിന്റെ തുക ഉപഭോക്താക്കൾക്ക് റീഫണ്ട് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വിഷയത്തിൽ സെക്ഷൻ 2 അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച സത്യവാങ്മൂലം.**

കൺസ്യൂമർ നമ്പർ : 18608 - B യിൽ ശ്രീമതി. സത്യലക്ഷ്മി ഉണ്ണിക്കൃഷ്ണൻ നൽകിയ പരാതിയിൽ പ്രകാരം ആയതുമായി ബന്ധപ്പെട്ട് 10 കി. വാട്ട് സോളാർ നൽകിയ EW2 – 7121/23 ഫയൽ പരിശോധിച്ചതിൽ രജിസ്ട്രേഷൻ തുകയുടെ 80% ആയ 8,000/- രൂപ 18.04.2024 ൽ വൗച്ചർ നം.: 66, ചെക്ക് നം.: 10310444 പ്രകാരം തിരികെ നൽകിയിട്ടുള്ളതാണ്.

**ഫോറത്തിന്റെ നിഗമനം :**

ബന്ധപ്പെട്ട സെക്ഷനുകൾ സമർപ്പിച്ച സത്യവാങ്മൂലം പരിശോധിച്ചതിൽ നിന്ന് ഉപഭോക്താവ് നൽകിയ അക്കൗണ്ട് നം.: 855010100003690 ലേക്ക് 2659/- രൂപ, 22.08.2024 തീയതിയിൽ ബാങ്ക്ഡ് യൂണിറ്റായ 844 യൂണിറ്റിന് 3.15 രൂപ നിരക്കിൽ തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

രജിസ്ട്രേഷൻ തുകയുടെ 80% ആയ 8000/- രൂപ 18.04.2024 തീയതിയിൽ ചെക്ക് നമ്പർ 10310444 പ്രകാരം തിരികെ നൽകിയതായും കാണുന്നു. പരാതി സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിനായി 26.08.2025 ൽ ചേർന്ന ഹിയറിംഗിൽ ഫോറത്തിൽ ഹാജരാകുന്നതിന് പരാതിക്കാരനെ രേഖാമൂലം അറിയിക്കുകയുണ്ടായി. എന്നാൽ പരാതിക്കരൻ ഹാജരായിട്ടില്ല. 2024 - ലെ ബാങ്ക്ഡ് യൂണിറ്റിന്റെ തുക നൽകിയതായും, 2025 - ലെ ബാങ്ക്ഡ് യൂണിറ്റിന്റെ തുക നൽകുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നതായും ഫോറത്തിന് ബോധ്യമായി.

**ഉത്തരവ് നടപടികൾ :**

സോളാർ അധികമായി ഉൽപ്പാദിപ്പിച്ച യൂണിറ്റിനും രെജിസ്ട്രേഷൻ ഫീസ് ഇനത്തിലും തുകകൾ നൽകിയിട്ടുണ്ടെന്ന് ലൈസൻസി അറിയിച്ചതിനാൽ പരാതി പരിഹരിച്ച് ഉത്തരവായി.

| | | |
|---|---|---|
| **അഡ്വ. അസിയ.പി.കെ** | **വിനുകൃഷ്ണൻ. കെ** | **ടി.എസ്. ജോസ്** |
| മെമ്പർ | മെമ്പർ | ചെയർപേഴ്സൺ |